## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2146 — 01.02.2018 — ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡിനുവേണ്ടി ഫോട്ടോയും, മറ്റുവിവരങ്ങളും യഥാസമയം നൽകിയിട്ടും ഡാറ്റ ലഭ്യമല്ല എന്ന കാരണത്താൽ പല ഉപഭോക്താക്കൾക്കും പുതിയ റേഷൻ കാർഡ് ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | റേഷൻകാർഡ് പുതുക്കലിന്റെ ഭാഗമായി 98.4 ശതമാനം കാർഡുകളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. സാങ്കേതിക തകരാറുകൾ മൂലം റേഷൻ കാർഡ് ഡാറ്റാ പൂർണ്ണമല്ലാത്തവരുടെ കാർഡുകൾ ന്യൂനതകൾ പരിഹരിച്ച് എത്രയും വേഗം ഉടമകൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) കാർഡുടമയേയും, കുടുംബത്തേയും സംബന്ധിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ആർ.സി.എം.എസ്-ൽ ലഭ്യമാണെങ്കിൽ, ഇവർക്ക് പുതിയ റേഷൻ കാർഡ് നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | | |
| (സി) ഇതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ